**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 293** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഭീഷണിക്കത്തിന്മേൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ എം വിൻസെന്റ് ,<br>ശ്രീ. ടി.സിദ്ദിഖ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ശ്രീമതി കെ. കെ. രമ എം.എൽ.എ.യുടെ മകനെയും ആർ.എം.പി.ഐ. സംസ്ഥാന സെക്രട്ടറിയെയും അപായപ്പെടുത്തുമെന്ന ഭീഷണിക്കത്ത് എം.എൽ.എ.യുടെ ഓഫീസിൽ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽകാര്യ ത്തിന് ആർ. എം. പി. ഐ യുടെ സെക്രട്ടറിയായ ശ്രീ. എൻ. വേണുവിന്റെ പരാതി പ്രകാരം 19.07.2021 തീയതി വടകര പോലീസ് സ്റ്റേഷൻ ക്രൈം. നം 685/2021 U/s 153, 507 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്മേൽ വടകര പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരികയാണ്. ഇക്കാര്യത്തിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി പ്രതികളെ കണ്ടെത്തുന്നതിനുള്ള അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു. |
| (ബി) | രാമനാട്ടുകര സ്വർണക്കടത്ത് കേസുമായി ബന്ധപ്പെട്ട് തട്ടിക്കൊണ്ടുപോയ അഷ്റഫിനെ ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളിൽ ഒരാൾ ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തി എന്ന പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഇതു സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ